# ഭരണഭാഷ - മാതൃഭാഷ

**<u>മേലെഴുത്ത് നമ്പർ ഇഎ2/51065/23/ഡിടിഇ തീയതി: 02.12.2023</u>**

വകുപ്പിൻ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, അതായത് യുവാക്കൽ കേന്ദ്രീകരിക്കുന്ന സ്ഥലങ്ങളിൽ/സ്ഥാപനങ്ങളിൽ പരാതികൾ സമർപ്പിക്കുന്നതിൻ വേണ്ടി കേരള സംസ്ഥാന യുവജന കമ്മീഷൻറെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ബോഡ് വയ്ക്കുന്നതിന് സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നു. സ്ഥാപനങ്ങളിൽ പതിപ്പിക്കുന്നതിനുള്ള നോട്ടീസ്/സ്റ്റിക്കർ മാതൃകയും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന/ഓഫീസ് മേധാവികളുടെയും അറിവിലേക്കും തുടർ നടപടി സ്വീകരിക്കുന്നതിലേക്കുമായി സമർപ്പിക്കുന്നു..

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന/ഓഫീസ് മേധാവികൾക്കും (ഡി.ടി.ഇ വെബ് സൈറ്റ് വഴി)
2. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 05.12.2023
Reason: Approved

Draft #1 of File EA2/51065/23/DTE Approved by Senior Administrative Officer on 05-Dec-2023 09:32 AM - Page 1

The document is digitally approved. Hence signature is not needed.

ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന യുവജന കമ്മീഷൻ

വികാസ് ഭവൻ തിരുവനന്തപുരം- 695003
ഫോൺ 0471 2308630 ,0471 2308530
Mail ID- keralayouthcommission@gmail.com

സെക്രട്ടറി

നം.1510/എ 3/2023/കേ.സം.യു.ക 13.11.2023

സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ വകുപ്പ്

സെക്രട്ടറി
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

സെക്രട്ടറി
കൃഷി വകുപ്പ്

സെക്രട്ടറി
തൊഴിലും നൈപുണ്യവും വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി
കായിക യുവജനകാര്യ വകുപ്പ്

സർ,

വിഷയം : കേരള സംസ്ഥാന യുവജന കമ്മീഷൻ- യുവാക്കൾ കേന്ദ്രീകരിക്കുന്ന സ്ഥലങ്ങളിൽ /സ്ഥാപനങ്ങളിൽ പരാതികൾ സമർപ്പിക്കുന്നതിന് വേണ്ടി കമ്മീഷന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ബോർഡ് വയ്ക്കുന്നതിന് സർക്കാരിന് ശുപാർശ സമർപ്പിക്കുന്നത് -സംബന്ധിച്ച്

സൂചന : 13-08-2023 ലെ കമ്മീഷൻ യോഗത്തിന്റെ നടപടിക്കുറിപ്പ്.

സംസ്ഥാനത്തെ യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷകരായി വർത്തിക്കുന്നതിനുമായി നിയമം വഴി രൂപീകരിച്ചിട്ടുള്ള സ്ഥാപനമാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ.

യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയും അവർക്കെതിരെയുള്ള ചൂഷണത്തിനെതിരെയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന

പരാതികളിന്മേലും, കമ്മീഷന് പ്രഥമ ദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിന്മേലും സ്വമേധയാ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരികയും നടപടികൾക്ക് ശുപാർശചെയ്യുക എന്നതും കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട് പ്രകാരം കമ്മീഷന്റെ ചുമതലയിൽപ്പെട്ട കാര്യങ്ങളാണ്. യുവാക്കളിൽ നിന്നു ലഭിക്കുന്ന പരാതികളിന്മേൽ കമ്മീഷൻ ഉചിതമായ നടപടികൾ സ്വീകരിക്കുകയും പരാതികൾ സമയ ബന്ധിതമായി തീർപ്പ് കൽപ്പിക്കുകയും ചെയ്യുന്നുണ്ട്. കമ്മീഷനിൽ നിന്നും യുവാക്കൾക്ക് ലഭിക്കേണ്ട അവകാശ സംരക്ഷണം സംബന്ധിച്ചും പ്രശ്ന പരിഹാരങ്ങൾ സംബന്ധിച്ചും പരമാവധി യുവജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുവാൻ കമ്മീഷൻ ലക്ഷ്യമിടുന്നു. അതിനായി യുവജനങ്ങളുടെ പ്രാതിനിധ്യം കൂടുതലുള്ള സ്ഥലങ്ങളിൽ അതായത് സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ ഇതോടൊപ്പം കൊടുത്തിരിക്കുന്ന മാതൃകയിൽ യുവജന കമ്മീഷന്റെ വിലാസവും ഫോൺ നമ്പരും ഉൾപ്പെടുത്തി ഒരു നോട്ടീസ്/സ്റ്റിക്കർ പതിക്കുന്നത് ആവശ്യമാണെന്ന് കമ്മീഷൻ വിലയിരുത്തുകയും കമ്മീഷൻ യോഗത്തിൽ ഇതിനായി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും (10 ൽ കൂടുതൽ) യുവാക്കൾ ജോലി ചെയ്യുന്ന എല്ലാ തൊഴിലിടങ്ങളിലും വിദ്യാർത്ഥികളുടെ/ ജീവനക്കാരുടെ ശ്രദ്ധ പതിയുന്ന തരത്തിൽ ഇതോടൊപ്പമുള്ള മാതൃകയിൽ നോട്ടീസ്/സ്റ്റിക്കർ പതിക്കുന്നതിനായി നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു. പ്രദർശിപ്പിക്കേണ്ട നോട്ടീസിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി

ഡാർളി ജോസഫ്

(ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി)

പകർപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി

കായിക യുവജനകാര്യ (ബി) വകുപ്പ്

## പ്രദർശിപ്പിക്കേണ്ട ബോർഡിന്റെ മാതൃക

തൊഴിലിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ മേഖലയിൽ യുവജനങ്ങൾക്ക് നീതി നിഷേധമോ അവകാശലംഘനമോ ഉണ്ടായാൽ പരാതിയുമായി സമീപിക്കാം.

കേരള സംസ്ഥാന യുവജന കമ്മീഷൻ
വികാസ് ഭവൻ തിരുവനന്തപുരം- 695 003
ഫോൺ 0471 2308630, 0471 2308530
ഇ മെയിൽ ID keralayouthcommission@gmail.com

നിയമസഹായത്തിനായി 1800 123 5310 എന്ന നമ്പറിൽ ബന്ധപ്പെടുക

sd/-
ചെയർമാൻ

sd/-
സെക്രട്ടറി